## എ.വൈ.ആർ

ഏതു സമൂഹത്തിലും അപൂർവമായെങ്കിലും അനാശാസ്യങ്ങൾ ഉണ്ടാകും. അപ്പോൾ അത് പാടിപ്പരത്തുകയല്ല സംസ്കാര ബോധമുള്ളവരുടെ ധർമം. ബന്ധപ്പെട്ടവരെ സ്വകാര്യമായി ഉപദേശിച്ചു തെറ്റുതിരുത്താൻ ശ്രമിക്കാം. അതു ഫലപ്രദമാകില്ലെങ്കിൽ താനൊന്നും കണ്ടില്ല, കേട്ടില്ല എന്ന മട്ടിൽ സംഭവം രഹസ്യമാക്കിവെക്കാം.



ٱلزَّانِى لَا يَنكِحُ إِلَّا زَانِيَةً أَوْ مُشْرِكَةً وَٱلزَّانِيَةُ لَا يَنكِحُهَآ إِلَّا زَانٍ أَوْ مُشْرِكٌ ۚ وَحُرِّمَ ذَٰلِكَ عَلَى ٱلْمُؤْمِنِينَ ﴿٣﴾

**3.** വ്യഭിചാരി, വ്യഭിചാരിണിയെയോ വിഗ്രഹാരാധകയെയോ അല്ലാതെ വേൾക്കുകയില്ല. വ്യഭിചാരിയെയോ വിഗ്രഹാരാധകനെയോ അല്ലാതെ വ്യഭിചാരിണിയും വേൾക്കുകയില്ല. സത്യധർമങ്ങളിൽ വിശ്വസിക്കുന്നവർക്ക് അത്തരം ദാമ്പത്യം നിഷിദ്ധമാകുന്നു.

**3**

ٱلزَّانِى لَا يَنكِحُ = വ്യഭിചാരി വേൾക്കുകയില്ല  إِلَّا زَانِيَةً = വ്യഭിചാരിണിയെയല്ലാതെ
أَوْ مُشْرِكَةً = അല്ലെങ്കിൽ വിഗ്രഹാരാധകയെയല്ലാതെ  وَٱلزَّانِيَةُ = വ്യഭിചാരിണി(യും)  لَا يَنكِحُهَآ = അവ(ൾ)ളെ വേൾക്കുകയില്ല
إِلَّا زَانٍ أَوْ مُشْرِكٌ = വ്യഭിചാരിയോ വിഗ്രഹാരാധകനോ അല്ലാതെ  وَحُرِّمَ ذَٰلِكَ = അത് (അത്തരം ദാമ്പത്യം) നിഷിദ്ധമാകുന്നു
عَلَى ٱلْمُؤْمِنِينَ = (സത്യധർമങ്ങളിൽ ) വിശ്വസിക്കുന്നവർക്ക്

**വ്യ**ഭിചാരവുമായി ബന്ധപ്പെട്ട രണ്ടാമത്തെ നിയമമാണിത്. അവിഹിതമായ ലൈംഗിക ബന്ധത്തിന്റെ ഗുരുതരമായ മ്ലേഛതയും നിന്ദ്യതയും കൂടുതൽ മുഴപ്പിച്ചു കാണിക്കുന്നതാണീ നിയമം. ഇത് സമൂഹത്തിന്റെ ഈമാനിക ബോധത്തെ ജാഗ്രത്താക്കുകയും അനാശാസ്യമായ ലൈംഗിക വേഴ്ചകളോട് അറപ്പും വെറുപ്പും വളർത്തുകയും ചെയ്യുന്നു. നിയമങ്ങൾ കൊണ്ടുമാത്രം സമൂഹം ധാർമിക ദൂഷ്യങ്ങളിൽനിന്നും ദുരാചാരങ്ങളിൽനിന്നും മുക്തമാവുകയില്ല. അതിന് അനാശാസ്യങ്ങളും കുറ്റകൃത്യങ്ങളും വർജ്യവും വെറുക്കപ്പെട്ടതുമാണെന്ന ഒരു പൊതുബോധവും സമൂഹമനസ്സിൽ സജീവമായിരിക്കണം. അതില്ലെങ്കിൽ എത്ര കടുത്ത നിയമമുണ്ടായാലും അനാശാസ്യനടപടികളും കുറ്റകൃത്യങ്ങളും പെരുകിക്കൊണ്ടിരിക്കും. കുറ്റകൃത്യങ്ങളോടും അനാശാസ്യ നടപടികളോടും നാഗരിക സമൂഹങ്ങളിൽ പണ്ടുണ്ടായിരുന്ന അറപ്പും വെറുപ്പും ഗണ്യമായ അളവിൽ ക്ഷയിച്ചുപോയതുതന്നെയാണ് ഇക്കാലത്ത് ധർമ ധ്വംസനങ്ങളും സദാചാരലംഘനങ്ങളും വളരാൻ പ്രധാന കാരണം. വിഹിതവേഴ്ചയും അവിഹിത വേഴ്ചയും അതു ചെയ്യുന്നവരുടെ ഇഷ്ടമാണ്-ഇതാണ് ഇന്നത്തെ ചിന്താഗതി. ഭരണകൂടത്തിന്റെ ഉന്നതങ്ങളിലിരിക്കുന്നവരെക്കുറിച്ചുപോലും ജനങ്ങൾ വ്യഭിചാര കഥകൾ പറഞ്ഞു രസിച്ചുകൊണ്ടിരിക്കുന്നു. മറുവശത്ത് സെക്സ് റാക്കറ്റുകളും പെൺവാണിഭങ്ങളും പൊടിപൊടിക്കുന്നു.

ഖുർആന്റെ ദൃഷ്ടിയിൽ സദാചാര പ്രതിബദ്ധതയുള്ളവരും അതില്ലാത്തവരും ഒരിക്കലും തുല്യരല്ല. ആദ്യത്തേത് ശുദ്ധരും- طيبون -രണ്ടാമത്തെ കൂട്ടർ വൃത്തികെട്ടവരും- خبيثون -ആകുന്നു (24:26). കണ്ടവരെയൊക്കെ കാമിക്കുകയും കാമിക്കുന്നവർക്കൊക്കെ വഴങ്ങിക്കൊടുക്കുകയും ചെയ്യുന്ന സ്ത്രീ സദാചാര പ്രതിബദ്ധതയുള്ള പുരുഷന് ചേരുകയില്ല. പരസ്ത്രീകളെ മോഹിക്കുകയും പ്രാപിക്കുകയും ചെയ്യുന്ന പുരുഷന്മാർ ചാരിത്ര്യവതികളായ സ്ത്രീകൾക്കും ചേരില്ല. ഇത് വിവാഹകാര്യത്തിൽ നിർബന്ധമായും പരിഗണിക്കേണ്ട كفوء -യോജിപ്പ്-ആകുന്നു. സ്ത്രീയുടെ അല്ലെങ്കിൽ പുരുഷന്റെ സമ്പത്തോ സൗന്ദര്യമോ കുടുംബബലമോ ഒന്നും ഈ യോജിപ്പിനെ അവഗണിക്കാൻ കാരണമായിക്കൂടാ. വിവാഹാലോചനകളിൽ വരന്റെയും വധുവിന്റെയം സ്വഭാവശുദ്ധി പ്രത്യേകം അന്വേഷിക്കേണ്ടതുണ്ട്. പരസ്ത്രീ ബന്ധമുള്ള പുരുഷൻ ചാരിത്ര്യവതിയായ മാന്യവനിതയെയും ചാരിത്ര്യശുദ്ധിയില്ലാത്ത സ്ത്രീ സദാചാരപ്രതിബദ്ധതയുള്ള പുരുഷനെയും വിവാഹമാലോചിക്കാനേ ധൈര്യപ്പെടാത്ത ഒരവസ്ഥ സമൂഹത്തിലുണ്ടാവണം.

ٱلزَّانِى لَا يَنكِحُ إِلَّا زَانِيَةً എന്ന വാക്യത്തിന്റെ ഭാഷാർഥം 'വ്യഭിചാരി വ്യഭിചാരിണിയെയല്ലാതെ വിവാഹം ചെയ്യുകയില്ല' എന്നാണ്. സദാചാര നിഷ്ഠയുള്ള പുരുഷന്മാർ ഒരിക്കലും ഒരു ദുർനടപ്പുകാരിയെ വേൾക്കാൻ ഇഷ്ടപ്പെടുകയില്ല, അയാളുടെ മനസ്സ് അതിനു സമ്മതിക്കുകയില്ല. പരസ്ത്രീലമ്പടന്മാരുടെ കാര്യത്തിൽ ചാരിത്ര്യവതികളായ മാന്യവനിതകളുടെ നിലപാടും ഇതുതന്നെയാണ്. ഇതൊരു സ്വാഭാവിക സംഗതിയാകുന്നു എന്നതാണീ പ്രസ്താവനയുടെ സാധാരണ താൽപര്യം. ഇവിടെ വെറുമൊരു പ്രസ്താവന എന്നതിലുപരി നിരോധനത്തെക്കൂടി ഉൾക്കൊള്ളുന്നതാണീ വാക്യം. നിഷേധത്തോടൊപ്പം മാർഗനിർദേശത്തിന്റെയും ഉപദേശത്തിന്റെയും ആശയം കൂടിയുള്ളപ്പോഴാണ് നിരോധങ്ങൾ പ്രസ്താവനാരൂപത്തിൽ അവതരിപ്പിക്കുക. അതായത് വൃത്തികെട്ട പുരുഷന്മാർ പതിവ്രതകൾക്കും വൃത്തികെട്ട സ്ത്രീകൾ നല്ല നടപ്പുകാരായ പുരുഷന്മാർക്കും ചേരുകയില്ല. അതിനാൽ അത്തരക്കാർ പരസ്പരം വിവാഹബന്ധത്തിലേർപ്പെട്ടുകൂടാ. വ്യഭിചാരികൾ വ്യഭിചാരിണികളെ തന്നെ വിവാഹം ചെയ്യട്ടെ. വ്യഭിചാരിണികൾ വ്യഭിചാരികളെയും. വ്യഭിചാരികളുമായുള്ള ദാമ്പത്യബന്ധം സത്യധർമങ്ങളിൽ വിശ്വസിക്കുന്ന സജ്ജനങ്ങൾക്ക് നിഷിദ്ധമാകുന്നു.

ഈ നിഷിദ്ധത സോപാധികമാണ്. യാദൃഛികമായി, അല്ലെങ്കിൽ ഒരു ദുർബല നിമിഷത്തിൽ അവിഹിത ബന്ധത്തിലേർപ്പെടാനിടയാവുകയും പിന്നീടതിൽ പശ്ചാത്തപിച്ച് സദാചാര ജീവിതം നയിക്കുകയും ചെയ്യുന്ന സ്ത്രീ പുരുഷന്മാർ ഈ നിരോധത്തിൽനിന്ന് ഒഴിവാകുന്നു. ആത്മാർഥമായി പശ്ചാത്തപിക്കുകയും സന്മാർഗികളായി ജീവിക്കുകയും ചെയ്യുന്നവർ 'വ്യഭിചാരികൾ' അല്ല. അവിഹിത വേഴ്ചയിൽ താൽപര്യം പുലർത്തുകയും അവസരം കിട്ടുമ്പോഴൊക്കെ അതിലേർപ്പെടുകയും ചെയ്യുന്നവരാണ് വ്യഭിചാരികൾ എന്ന വിശേഷണമർഹിക്കുന്നവർ. അത്തരക്കാരുമായി വിവാഹ ബന്ധത്തിലേർപ്പെടരുതെന്നാണ് സൂക്തം കൽപ്പിക്കുന്നത്. ഒരു പ്രവാചക ശിഷ്യൻ അറിയപ്പെട്ട ഒരു ദുർനടപ്പുകാരിയെ വിവാഹം ചെയ്യാൻ താൽപര്യപ്പെട്ടപ്പോഴാണ് ഈ സൂക്തം അവതരിച്ചതെന്ന് തിർമിദിയും അബൂദാവൂദും നിവേദനം ചെയ്തിരിക്കുന്നു: മർസദുബ്നു അബീമർസദ് (مرثد بن ابي مرثد) എന്ന പ്രവാചക ശിഷ്യൻ ജാഹിലിയ്യാ കാലത്ത് മക്കയിലെ അനാഖ എന്നു പേരായ ദുർനടപ്പുകാരിയുമായി അവിഹിതബന്ധം പുലർത്തിയിരുന്നു. ഹിജ്റക്കുശേഷം, ഖുറൈശികൾ തടവിലാക്കിയ ചില മുസ്‌ലിംകളെ മോചിപ്പിക്കുന്നതിനു വേണ്ടി അദ്ദേഹം മക്കയിൽ വന്നു. അപ്പോൾ അനാഖ അദ്ദേഹത്തെ സമീപിച്ച് തന്നെ വിവാഹം ചെയ്യണമെന്നാവശ്യപ്പെട്ടു. അക്കാര്യത്തിൽ അദ്ദേഹത്തിനും താൽപര്യമുണ്ടായിരുന്നു. എങ്കിലും നബി(സ)യോട് ചോദിച്ചു തീരുമാനിക്കാമെന്നുവെച്ചു. രണ്ടുവട്ടം ചോദിച്ചപ്പോഴും നബി (സ) മൗനം പാലിച്ചു. മൂന്നാമതും ചോദിച്ചപ്പോൾ ഈ സൂക്തം അവതരിക്കുകയും അവിടുന്ന് അത് മർസദിനെ കേൾപ്പിക്കുകയും ചെയ്തു.


വേറിട്ടുനിൽക്കുന്ന അറബി-മലയാള നിഘണ്ടു



نَجْمَة എന്ന വാക്കിന് എത്ര അർഥങ്ങൾ? നക്ഷത്രം, നക്ഷത്ര ചിഹ്നം, വള്ളി, മൃഗങ്ങളുടെ ചർമത്തിലെ ചൂട്ട് എന്നിങ്ങനെ പല അർഥങ്ങളുമുണ്ട്. എന്നാൽ, مرض النَّجْمَة എന്നാലോ? نَادِرَة എന്നാൽ അപൂർവം. عُمْلَةٌ نَادِرَة യോ?

ഉടൻ പുറത്തിറങ്ങുന്ന ഐ.പി.എച്ചിന്റെ അറബി-മലയാള ശബ്ദകോശം കാണുക

നാനാർഥങ്ങൾ, ഉദാഹരണ സഹിതമുള്ള ശൈലീ പ്രയോഗങ്ങൾ, അറബി ചൊല്ലുകളുടെ തത്തുല്യ മലയാള ചൊല്ലുകൾ, ഉപസർഗാവ്യയം ചേരുമ്പോഴുണ്ടാകുന്ന അർഥഭേദങ്ങൾ, ആധുനിക അറബി പദങ്ങൾ എന്നിവയാൽ വിപണിയിൽ നിലവിലുള്ള നിഘണ്ടുക്കളിൽനിന്ന് വേറിട്ടുനിൽക്കുന്ന ശബ്ദകോശം.

1570 പുറം
ക്രൗൺ 1/4
ഡീലക്സ്
ബൈന്റിംഗ്
മെയ്
അവസാന വാരം
പുറത്തിറങ്ങുന്നു

ഐ.പി.എച്ച്
അറബി – മലയാള
ശബ്ദകോശം
കെ.പി.എഫ്. ഖാൻ

1500 രൂപ മുഖവിലയുള്ള
പുസ്തകം 900 രൂപക്ക്
(ആദ്യത്തെ 2000 പേർക്ക്)
325+325+325 എന്നിങ്ങനെ
മൂന്ന് ഗഡുക്കളായി 975 രൂപക്ക്
(പോസ്റ്റൽ ചാർജ് പുറമെ)

ബുക്കിംഗ് കേന്ദ്രങ്ങൾ

ഐ.പി.എച്ച്. കോഴിക്കോട് 0495-2720072, 2724618, ഐ.പി.എച്ച്. തിരുവനന്തപുരം 0471-2115093, ഐ.പി.എച്ച്. എറണാകുളം 0484-2369784, ഐ.പി.എച്ച്. തൃശൂർ 0487-2427356, ഐ.പി.എച്ച്. കണ്ണൂർ 0497-2701001, ഐ.പി.എച്ച്. മലപ്പുറം 0483-2735445, ഐ.പി.എച്ച്. പാലക്കാട് 0491-2528010, ബുക് പാർക് കോഴിക്കോട് 0495-2704747, പ്രതീക്ഷ ബുക്സ് കോഴിക്കോട് 0495-2720092

ബാങ്ക് വഴിയും നെറ്റ്ബാങ്കിംഗ് വഴിയും പണമയക്കുന്നവർ iphcalicut@gmail.com വിലാസത്തിൽ വിവരമറിയിക്കുക

Islamic Publishing House A/C No: 57018376198 State Bank of Travancore,Palayam, Calicut- IFSC Code: SBTR0000301
www.iphkerala.com, E-mail: iphcalicut@gmail.com

ഭാര്യയുടെ പരപുരുഷബന്ധം വിവാഹമോചനത്തിനുള്ള ന്യായമായ കാരണമാകുന്നു. ഭാര്യയുടെയോ ഭർത്താവിന്റെയോ അവിഹിത വേഴ്ച മൂലം വിവാഹ ബന്ധം ദുർബലപ്പെടുന്നില്ല. ഒരു സ്ത്രീക്ക് അല്ലെങ്കിൽ പുരുഷന് തന്റെ ഇണക്ക് അവിഹിത ബന്ധമുണ്ടെന്ന് അറിഞ്ഞുകൊണ്ടുതന്നെ ദാമ്പത്യബന്ധം തുടരാവുന്നതാണ്. എങ്കിലും നബി (സ) അതേപ്പറ്റി പ്രസ്താവിച്ചതായി ഇമാം അഹ്മദും നസാഈയും അബൂദാവൂദും ഉദ്ധരിക്കുന്നു: "ഭാര്യക്ക് പരപുരുഷബന്ധമുണ്ടെന്നറിഞ്ഞിട്ടും അവളുടെ ഭർത്താവായി കഴിയുന്നവൻ സ്വർഗത്തിൽ കടക്കുകയില്ല." എങ്കിലും സ്ത്രീ ചാരിത്ര്യവതിയല്ല എന്നറിഞ്ഞുകൊണ്ട് ഒരുവളെ വിവാഹം ചെയ്താൽ അത് നിഷിദ്ധമായ കർമമാണെങ്കിലും നിയമപരമായി സാധുവാകുന്നു. വിവാഹം വിലക്കപ്പെട്ടവരുടെ ഗണത്തിൽ ചാരിത്ര്യമില്ലാത്തവർ ഉൾപ്പെട്ടിട്ടില്ല. അതിനാൽ അവൾ വിവാഹം അനുവദിക്കപ്പെട്ടവരുടെ കൂട്ടത്തിൽ പെടുന്നു. കൂടാതെ നിഷിദ്ധമായത് അനുവദനീയമായതിനെ നിഷിദ്ധമാക്കുകയില്ല- الحرام لا يحرم الحلال -എന്ന ഒരു പൊതുതത്ത്വം നബി (സ) പ്രസ്താവിച്ചിട്ടുള്ളതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഒരു പുരുഷനും സ്ത്രീയും വ്യഭിചരിച്ചാൽ അവർക്ക് പരസ്പരം വിവാഹിതരാകാം. അതുകൊണ്ടു പക്ഷേ അവർ വ്യഭിചാര ശിക്ഷയിൽനിന്ന് മുക്തരാകുന്നില്ല. ഖലീഫ അബൂബക്ർ സിദ്ദീഖി(റ)ന്റെ ഭരണകാലത്ത് ഒരാൾ ഒരു സ്ത്രീയുമായി വ്യഭിചാരം നടത്തിയതായി തെളിഞ്ഞു. അദ്ദേഹം രണ്ടുപേരെയും പ്രഹരശിക്ഷക്കു വിധേയരാക്കുകയും അനന്തരം കല്യാണം കഴിപ്പിക്കുകയും ഇരുവരെയും ഒരു വർഷത്തേക്ക് നാടുകടത്തുകയും ചെയ്തതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. മുസ്‌ലിം നാടുകളിലെ ശർഈ കോടതികൾ ഈ സമ്പ്രദായം ഇപ്പോഴും പിന്തുടരുന്നതായി ഉസ്താദ് വഹ്ബതുസ്സുഹൈലി തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അത് വിശ്വാസികൾക്ക് നിഷിദ്ധമാകുന്നു- حُرِّمَ ذَٰلِكَ عَلَى ٱلۡمُؤۡمِنِينَ -എന്ന വാക്യത്തിന്റെ താൽപര്യം നടേ സൂചിപ്പിച്ചിട്ടുള്ളതുപോലെ, പരസ്ത്രീഗമനം സ്ഥിരം സ്വഭാവമാക്കിയ വിഷയലമ്പടന്മാരും പതിവ്രതകളായ കുലസ്ത്രീകളും തമ്മിലുള്ള വിവാഹവും, പരപുരുഷബന്ധം സ്ഥിരം സ്വഭാവദൂഷ്യമാക്കിയ സ്ത്രീകളും സദാചാര നിഷ്ഠയുള്ള പുരുഷനും തമ്മിലുള്ള വിവാഹവുമാണ്. സദാചാര നിഷ്ഠയില്ലാത്തവർക്കു തന്നെയാണ് സദാചാര നിഷ്ഠയില്ലാത്ത സ്ത്രീകളും പുരുഷന്മാരും ചേരുക. എന്നാൽ ഈ വാക്യത്തെ നിരുപാധികമായി ഗണിച്ചുകൊണ്ട് ദമ്പതികളിലൊരാൾ വ്യഭിചാരം ചെയ്തു എന്നു തെളിഞ്ഞാൽ അവരുടെ വിവാഹം ദുർബലപ്പെടുമെന്ന് ചില പണ്ഡിതന്മാർ വിധിച്ചിട്ടുണ്ട്. വ്യഭിചാരി ആണായാലും പെണ്ണായാലും ആ പാപത്തിൽനിന്ന് ആത്മാർഥമായി പശ്ചാത്തപിച്ചതായി വ്യക്തമായാലേ സദാചാരനിഷ്ഠരും അവരും തമ്മിലുള്ള വിവാഹം അനുവദനീയമാകൂ എന്നും അവർ വിധിച്ചിരിക്കുന്നു. പക്ഷേ ഇത്തരം വിവാഹങ്ങൾ ആക്ഷേപാർഹമാണെങ്കിലും സാധുവാകുന്നു എന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെ അഭിപ്രായം. വ്യഭിചാരികൾ വ്യഭിചാരികളെ അല്ലെങ്കിൽ വിഗ്രഹാരാധകരെ മാത്രമേ വിവാഹം ചെയ്യൂ എന്നു പറഞ്ഞത് വ്യഭിചാരം ചെയ്ത മുസ്‌ലിംകൾക്ക് വിഗ്രഹാരാധകരായ സ്ത്രീകളെ വിവാഹം ചെയ്യാം എന്ന അർഥത്തിലല്ല. വ്യഭിചാരികൾ ആണായാലും പെണ്ണായാലും മുസ്‌ലിം സമൂഹത്തിൽനിന്ന് ഒറ്റപ്പെട്ടവരും, സമൂഹത്തിലെ അംഗങ്ങളുമായി വിവാഹബന്ധത്തിനു പരിഗണിച്ചുകൂടാത്ത നികൃഷ്ടരും നീചരുമാണെന്നാണ് താൽപര്യം. മുസ്‌ലിം സ്ത്രീ പുരുഷന്മാർ വിഗ്രഹാരാധകരെ-അവർ സത്യവിശ്വാസം കൈക്കൊള്ളുന്നതുവരെ-വിവാഹം ചെയ്യുന്നത് സൂറ *അൽബഖറ* 221-ാം സൂക്തം ഖണ്ഡിതമായി വിലക്കിയിട്ടുണ്ട്. ■

---

وَٱلَّذِينَ يَرۡمُونَ ٱلۡمُحۡصَنَٰتِ ثُمَّ لَمۡ يَأۡتُواْ بِأَرۡبَعَةِ شُهَدَآءَ فَٱجۡلِدُوهُمۡ ثَمَٰنِينَ جَلۡدَةٗ وَلَا تَقۡبَلُواْ لَهُمۡ شَهَٰدَةً أَبَدٗاۚ وَأُوْلَٰٓئِكَ هُمُ ٱلۡفَٰسِقُونَ ٤

4. ചാരിത്ര്യവതികളായ കുലസ്ത്രീകളിൽ അവിഹിത വേഴ്ച ആരോപിച്ചിട്ട് അതിനു നാലു സാക്ഷികളെ ഹാജരാക്കാത്തവരെ എൺപതു വീതം പ്രഹരിക്കുവിൻ. അവരുടെ സാക്ഷ്യം ഒരിക്കലും സ്വീകരിച്ചുകൂടാ. അത്തരക്കാർ തെമ്മാടികൾ തന്നെയാകുന്നു.

إِلَّا ٱلَّذِينَ تَابُواْ مِنۢ بَعۡدِ ذَٰلِكَ وَأَصۡلَحُواْ فَإِنَّ ٱللَّهَ غَفُورٞ رَّحِيمٞ ٥

5. ഈ പാപം ചെയ്തതിൽപിന്നെ പശ്ചാത്തപിച്ച് കർമ ജീവിതം സംസ്കരിച്ചവരൊഴിച്ച്. തെറ്റുകുറ്റങ്ങളിൽ പശ്ചാത്തപിക്കുന്നവർക്ക് അല്ലാഹു ഏറെ മാപ്പരുളുന്നവനും ദയാപരനുമാകുന്നു.

**4,5**

وَٱلَّذِينَ يَرۡمُونَ ٱلۡمُحۡصَنَٰتِ = ചാരിത്ര്യവതികളായ കുലസ്ത്രീകളെ(ളിൽ) വ്യഭിചാരം ആരോപി(ച്ചിട്ട്)ക്കുന്നവർ

ثُمَّ لَمۡ يَأۡتُواْ = പിന്നെ അവർ കൊണ്ടുവന്നില്ല (അതിനു ഹാജരാക്കാത്തവരെ) بِأَرۡبَعَةِ شُهَدَآءَ = നാലു സാക്ഷികളെ

فَٱجۡلِدُوهُمۡ = അവരെ നിങ്ങൾ പ്രഹരിക്കുവിൻ ثَمَٰنِينَ جَلۡدَةٗ = എൺപതു (വീതം) പ്രഹരം

وَلَا تَقۡبَلُواْ لَهُمۡ = നിങ്ങൾ അവരുടേത് സ്വീകരിച്ചുകൂടാ شَهَٰدَةً = സാക്ഷ്യം أَبَدٗاۚ = ഒരിക്കലും

وَأُو۟لَٰٓئِكَ = അക്കൂട്ട(അത്തരക്കാ)ർ هُمُ ٱلْفَٰسِقُونَ = അവർ തെമ്മാടികൾ തന്നെയാകുന്നു

إِلَّا ٱلَّذِينَ تَابُوا۟ = (തെറ്റുകുറ്റങ്ങളിൽ) പശ്ചാത്തപിച്ചവർ ഒഴിച്ച്

وَأَصْلَحُوا۟ = നന്നാവുകയും (കർമജീവിതം സംസ്കരിച്ചവരും) ഒഴിച്ച്

مِنۢ بَعْدِ ذَٰلِكَ = അതിനുശേഷം (ഈ പാപം ചെയ്തതിൽപിന്നെ)

فَإِنَّ ٱللَّهَ = (തെറ്റുകുറ്റങ്ങളിൽ പശ്ചാത്തപിക്കുന്നവർക്ക്) തീർച്ചയായും അല്ലാഹു

غَفُورٌ = ഏറെ മാപ്പരുളുന്നവ(നും)നായ رَّحِيمٌ = ദയാപരനാ(നുമാ)കുന്നു

**رَمَى** (എറിഞ്ഞു) എന്ന ക്രിയയുടെ വർത്തമാന ബഹുവചന രൂപമാണ് يرمون. ഒരാൾ കൈയിലുള്ള വസ്തു മറ്റൊരാളെ വേദനിപ്പിക്കുകയോ പരിക്കേൽപ്പിക്കുകയോ ചെയ്യുംവിധം അയാളിലേക്കു വിക്ഷേപിക്കുകയാണല്ലോ ഏറ്-رمي. ഈയടിസ്ഥാനത്തിൽ ഒരാളുടെ അഭിമാനവും ഉത്തമതാൽപര്യങ്ങളും ഹനിക്കുന്ന ആരോപണങ്ങളുന്നയിക്കുന്നതിനും ഈ പദം ഉപയോഗിക്കുന്നു. എല്ലാ ആരോപണവും ഇതിൽപെടുമെങ്കിലും ഇവിടെ ഉദ്ദേശിക്കുന്നത് വ്യഭിചാരാരോപണമാണ്. വ്യഭിചാരാരോപണത്തിന് ഒരു സാങ്കേതിക പദമെന്ന നിലയിൽ قذف ആണ് ഫുഖഹാഅ് ഉപയോഗിച്ചുവരുന്നത്. قذف ന്റെയും ഭാഷാർഥം എറിയുക എന്നു തന്നെയാണ്. محصنات ന്റെ അർഥം *ഖുർആൻ ബോധനം* സൂറ *അന്നിസാഅ്* 24-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ ഉദ്ദേശിക്കുന്നത് ചാരിത്ര്യവതികളായ മാന്യവനിതകളും സദാചാര നിഷ്ഠയുള്ള പുരുഷന്മാരുമാണ്. വ്യഭിചാരാരോപണം താരതമ്യേന കൂടുതൽ മാനഹാനി വരുത്തുന്നതും പീഡിതയാക്കുന്നതും സ്ത്രീകളെയായതുകൊണ്ടാവാം ഇവിടെ രണ്ടു വിഭാഗത്തെയും ഉദ്ദേശിച്ചുകൊണ്ട് സ്ത്രീലിംഗപദം ഉപയോഗിച്ചത്.

മുൻ സൂക്തത്തിൽ വ്യഭിചാരത്തിന്റെ മ്ലേഛതയും അതിലേർപ്പെടുന്നവർക്കെതിരെ സമൂഹം-സർക്കാർ കൈക്കൊള്ളേണ്ട ശിക്ഷാനടപടിയും പ്രസ്താവിച്ച ശേഷം, ഈ സൂക്തം അവിഹിത ബന്ധങ്ങൾ സംബന്ധിച്ച അശ്ലീല വാർത്തകൾ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിന് കർശനമായി വിലക്കും ആ വിലക്ക് ലംഘിക്കുന്നവർക്കെതിരെ സ്വീകരിക്കേണ്ട ശിക്ഷയും പ്രസ്താവിച്ചിരിക്കുകയാണ്. ഖുർആന്റെ വീക്ഷണത്തിൽ വ്യഭിചാരത്തിന്റെ വളരെ അടുത്ത കുറ്റമാണ് നിരപരാധികളിൽ വ്യഭിചാരം ആരോപിക്കുന്നത്. വ്യഭിചാരിയെ നൂറടി അടിക്കുമ്പോൾ വ്യഭിചാരാരോപകനെ 80 അടി അടിക്കണം എന്നു പറഞ്ഞതിൽനിന്ന് വ്യാജമായ വ്യഭിചാരാരോപണം 80 ശതമാനം വ്യഭിചാരം തന്നെയെന്ന് മനസ്സിലാക്കാം.

ഈ നിയമത്തിനു മുഖ്യമായ രണ്ടു മാനങ്ങളുണ്ട്: ഒന്ന്, വ്യക്തികളുടെ അഭിമാനത്തിനു കൽപ്പിക്കപ്പെടുന്ന മുന്തിയ പരിഗണന. ജീവനും ധനവും പോലെ പവിത്രമാണ് വ്യക്തിയുടെ അഭിമാനവും. ഒരാളുടെ ജീവനും ധനവും അപഹരിക്കുന്നതുപോലെത്തന്നെ ഗുരുതരമായ പാതകമാണ് അഭിമാനം ഹനിക്കുന്നതും. ആളുകളുടെ ജീവനും ധനവും അഭിമാനവും ഹജ്ജിലെ അറഫാ ദിനം പോലെ പാവനമാണെന്നു പ്രസ്താവിച്ചുകൊണ്ട് നബി (സ) നടത്തിയ വിടവാങ്ങൽ പ്രസംഗം സുപ്രസിദ്ധമാണ്. ഒരുവന്റെ അഭിമാനബോധവും മറ്റുള്ളവർ അതിനു നൽകുന്ന പരിഗണനയും സാമൂഹിക സംസ്കാരത്തിന്റെ നട്ടെല്ലാകുന്നു. ഇതു രണ്ടുമില്ലാത്തിടത്ത് സംസ്കാരം നിർജീവമായിരിക്കും. അതുകൊണ്ട് ഇസ്ലാമിക ധർമശാസ്ത്രം അഭിമാന രക്ഷ- حفظ العرض -ശരീഅത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്നായി സ്ഥാപിച്ചിരിക്കുന്നു. വ്യഭിചാരം അത്യന്തം നീചവും നികൃഷ്ടവും അപലപനീയവുമായ നടപടിയായതിനാൽ നിരപരാധിയായ ഒരാളിൽ അതാരോപിക്കുന്നത് അയാളെ അപമാനിക്കലും സ്വഭാവഹത്യ ചെയ്യലുമാകുന്നു. ഇത് അയാളെ സമൂഹത്തിൽ ഒറ്റപ്പെടുത്തുന്നതോടൊപ്പം സദാചാര നിഷ്ഠയിലും സാംസ്കാരിക ഗുണങ്ങളിലുമുള്ള വിശ്വാസത്തെ ശിഥിലമാക്കുകയും ചെയ്യുന്നു. അപരാധം ചെയ്യാതെ ആരോപണത്തിനു വിധേയരാകുന്നവർ ആ അപരാധത്തിൽതന്നെ ആകൃഷ്ടരായതിന്റെ ഉദാഹരണങ്ങൾ പലപ്പോഴും കാണാവുന്നതാണ്; ഭ്രാന്തില്ലാത്തവനെ ആളുകൾ നിരന്തരം ഭ്രാന്തനെന്നുവിളിച്ച് ശരിക്കും ഭ്രാന്തനാക്കുന്നതുപോലെ.

സമൂഹത്തിൽ അശ്ലീല വാർത്തകളും ആഭാസ ചർച്ചകളും പെരുകുന്നത് തടയുക എന്നതാണ് രണ്ടാമത്തെ മാനം. കുറ്റകൃത്യങ്ങളെ, പ്രത്യേകിച്ചും ലൈംഗിക കുറ്റങ്ങളെക്കുറിച്ചുള്ള വർധിച്ച വാർത്തകളും ചർച്ചകളും സമൂഹമനസ്സിൽ ആ കുറ്റത്തോടുള്ള അറപ്പും വെറുപ്പും ഭീതിയും ക്ഷയിപ്പിക്കുകയും ജനം അതിനെ സാധാരണ കാര്യമായി കാണാൻ തുടങ്ങുകയും ചെയ്യുന്നു. നേരത്തേ അതിനെ വെറുപ്പോടെ കണ്ടിരുന്ന പലരും ക്രമേണ അതിലേക്കാകൃഷ്ടരാകുന്നു. സാമൂഹിക വിരുദ്ധർക്കും സദാചാര ധ്വംസകർക്കും അനുകൂലമായ സാമൂഹിക സാഹചര്യം സംജാതമാകുന്നു. അശ്ലീല പ്രസിദ്ധീകരണങ്ങളും സിനിമകളും ക്രൈംവാർത്തകളുമൊക്കെ നമ്മുടെ സമൂഹത്തിൽ വരുത്തിക്കൊണ്ടിരിക്കുന്ന കെടുതികൾ വിസ്തരിക്കേണ്ടതില്ലല്ലോ. അതുകൊണ്ടാണ് തിന്മകൾ പ്രചരിപ്പിക്കുന്നത് അല്ലാഹുവിന് ഇഷ്ടമല്ല- لَّا يُحِبُّ ٱللَّهُ ٱلْجَهْرَ بِٱلسُّوٓءِ -എന്നു ഖുർആൻ പറയുന്നത്. ഏതു സമൂഹത്തിലും അപൂർവമായെങ്കിലും അനാശാസ്യങ്ങൾ ഉണ്ടാകും. അപ്പോൾ അത് പാടിപ്പരത്തുകയല്ല സംസ്കാരബോധമുള്ളവരുടെ ധർമം. ബന്ധപ്പെട്ടവരെ സ്വകാര്യമായി ഉപദേശിച്ചു തെറ്റുതിരുത്താൻ ശ്രമിക്കാം. അതു ഫലപ്രദമാകില്ലെങ്കിൽ താനൊന്നും കണ്ടില്ല, കേട്ടില്ല എന്ന മട്ടിൽ സംഭവം രഹസ്യമാക്കിവെക്കാം. അനാശാസ്യം നാലാൾ നേരിൽ കാണുംവണ്ണം പരസ്യമായി നടന്നാൽ പോലും, അതവിടെ ഒതുങ്ങുമെങ്കിൽ കണ്ടവർ സർക്കാറിൽ പരാതി കൊടുക്കണമെന്നില്ല. മറിച്ച് അതവിടം കൊണ്ടവസാനിക്കില്ലെന്നും നാട്ടിൽ അശ്ലീലത പെരുകുന്നതിന്റെയും ലൈംഗികാരാജകത്വം

നടമാടുന്നതിന്റെയും തുടക്കമാണെന്നും കാണുമ്പോഴാണ് കണ്ടവർ സർക്കാറിൽ പരാതിപ്പെടാൻ ബാധ്യസ്ഥരാകുന്നത്.

അങ്ങനെ പരാതിപ്പെടുന്നതിനും നിർബന്ധമായ ചില ഉപാധികളുണ്ട്. ദൃക്സാക്ഷികളായി താനടക്കം നാലു പേരുണ്ടായിരിക്കണം. മൂന്നു പേരേ സാക്ഷി പറയാനുള്ളുവെങ്കിൽ മൂന്നുപേരും പ്രഹരശിക്ഷക്ക് വിധേയരാകേണ്ടിവരും. സാക്ഷികൾ ആണുങ്ങളായാലും പെണ്ണുങ്ങളായാലും വിശ്വാസയോഗ്യരായിരിക്കണം. നാലു തികയാതിരിക്കുകയോ അല്ലെങ്കിൽ മൊഴി കള്ളമാണെന്ന് തെളിയുകയോ ചെയ്താൽ സാക്ഷികൾ ശിക്ഷിക്കപ്പെടുമെന്നതിനു പുറമെ അവരുടെ സാക്ഷ്യം പിന്നീട് ഒരിക്കലും നിയമപരമായി സ്വീകരിക്കപ്പെടുന്നതുമല്ല. സാക്ഷികൾ പ്രായപൂർത്തിയെത്തിയവരും ബുദ്ധിഭ്രംശമില്ലാത്തവരും ആരുടെയും സമ്മർദത്തിനടിപ്പെടാതെ സ്വതന്ത്രരായി മൊഴി നൽകുന്നവരുമായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. ഈ നിബന്ധനകൾ പൂർത്തിയാവാത്ത സാക്ഷികളുടെ സാക്ഷ്യം തള്ളപ്പെടുമെങ്കിലും അവർ വ്യാജാരോപണത്തിന്റെ പേരിൽ ശിക്ഷിക്കപ്പെടുകയില്ല.

നേരത്തേ അനാശാസ്യ നടപടി സ്ഥിരപ്പെട്ടിട്ടില്ലാത്തവരും പ്രായപൂർത്തിയെത്തിയവരും സാമാന്യബുദ്ധി ഉള്ളവരും മനോരോഗമില്ലാത്തവരും, ബലാൽക്കാരത്തിനു വിധേയരാവാത്ത സ്വതന്ത്രരുമായിരിക്കുക എന്ന വ്യവസ്ഥ ആരോപിതർക്കും ബാധകമാകുന്നു. ആരോപിതനിൽ ഈ വ്യവസ്ഥകൾ തികഞ്ഞിട്ടില്ലെങ്കിൽ അയാളെ കുറിച്ച ആരോപണം തെളിയിക്കപ്പെട്ടാലും ഇല്ലെങ്കിലും അയാളോ ആരോപകരോ നിശ്ചിത ശിക്ഷക്ക് അർഹരാകുന്നില്ല. ഇനി നാലു സാക്ഷികളുടെ മൊഴിയുണ്ടായിട്ടും കുറ്റം സ്ഥിരപ്പെടാതെ സംശയാസ്പദമായി അവശേഷിക്കുകയാണെങ്കിൽ അപ്പോഴും സാക്ഷികളും ആരോപകനും ആരോപിതനും ശിക്ഷയിൽനിന്നൊഴിവാക്കപ്പെടും. പ്രതിയുടെ ഭാര്യയെ സാക്ഷിയായി അംഗീകരിക്കാവതല്ലെന്നാണ് ഇമാം മാലികിന്റെയും ശാഫിഈയുടെയും നിലപാട്. അവൾ ഭർത്താവിനെ ശപിച്ചു പിരാകുക- ملاعنة -യാണ് വേണ്ടത്. അതിനാൽ ഭാര്യയടക്കമാണ് നാലു സാക്ഷികളെങ്കിൽ മറ്റു മൂന്നു സാക്ഷികൾ വ്യാജാരോപണത്തിന് ശിക്ഷിക്കപ്പെടും. പ്രതിയുടെ ഭാര്യക്കും നാലു സാക്ഷികളിൽ ഒരാളാകാം എന്ന അബൂഹനീഫയുടെ പക്ഷമാണ് കൂടുതൽ യുക്തിസഹം. പിതാവ് പുത്രനെതിരെ വ്യഭിചാരം ആരോപിച്ചാൽ തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിലും ശിക്ഷിക്കപ്പെടുകയില്ലന്നാണ് പണ്ഡിതന്മാരുടെ നിലപാട്.

ആരോപകന് നാലു സാക്ഷികളെ ഹാജരാക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാൾക്കും ഹാജരായ സാക്ഷികൾക്കുമുള്ള ശിക്ഷ 80 അടിയാണ്. വ്യഭിചാരത്തിനുള്ള അടിയുടെ വ്യവസ്ഥകൾ ഇതിനും ബാധകമാണ്. വ്യഭിചാരാരോപണം വ്യഭിചാരത്തോളം ഗുരുതരമല്ലാത്തതിനാൽ എണ്ണത്തിലെന്നപോലെ പ്രഹരത്തിന്റെ ശക്തിയിലും അൽപം കുറക്കാമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ശിക്ഷ നടപ്പാക്കേണ്ടത് ഇമാം-സർക്കാർ ആണ്. മറ്റാർക്കും അതിനധികാരമില്ല. ഒരാൾ മറ്റൊരാളിൽ വ്യഭിചാരം ആരോപിക്കുന്നത് ഇമാം കേൾക്കാനിടയായാൽ നിയമപ്രകാരമുള്ള സാക്ഷികളെ ഹാജരാക്കിയില്ലെങ്കിൽ ആരോപകനെ ശിക്ഷിക്കേണ്ടത് ഇമാമിന്റെ ബാധ്യതയാണെന്ന് ഇബ്നു അബീലൈലയെപ്പോലുള്ള പണ്ഡിതന്മാർ പ്രസ്താവിച്ചിരിക്കുന്നു. ആരോപിതൻ ആവശ്യപ്പെട്ടാലേ ഇമാം ഹദ്ദ് നടപ്പിലാക്കേണ്ടതുള്ളൂ എന്നാണ് നാലു മദ്ഹബുകളുടെയും നിലപാട്.

വ്യഭിചാരാരോപകനെ ശിക്ഷിക്കുന്നതിൽ അല്ലാഹുവിനോടുള്ള ബാധ്യതാപൂർത്തീകരണവും ആരോപിതന്റെ താൽപര്യ സംരക്ഷണവുമുണ്ട്. ഇതിൽ ഏതു വശത്തിനാണ് മുൻഗണന നൽകേണ്ടതെന്ന കാര്യത്തിൽ ശാഫിഈകളും ഹനഫികളും ഭിന്നിച്ചിരിക്കുന്നു. അല്ലാഹുവിനോടുള്ള ബാധ്യതക്കാണ് മുൻഗണനയെന്നാണ് ഹനഫീ പക്ഷം. ആരോപിതന്റെ താൽപര്യ സംരക്ഷണത്തിനാണ് മുൻഗണനയെന്ന് ശാഫിഈ പക്ഷവും. അല്ലാഹു അടിസ്ഥാനപരമായി മനുഷ്യന്റെ സേവനങ്ങൾ ആവശ്യമില്ലാത്തവനാണ്. ആവശ്യം പരിഗണിക്കുമ്പോൾ മനുഷ്യന്റെ താൽപര്യത്തിനാണ് മുൻഗണന നൽകേണ്ടത് എന്നാണവരുടെ ന്യായം. അല്ലാഹുവിനോടുള്ള ബാധ്യതക്ക് മുൻഗണന നൽകി അതു നിവർത്തിക്കുമ്പോൾ ആരോപിതന്റെ താൽപര്യവും പൂർത്തീകരിക്കപ്പെടുമല്ലോ എന്നാണ് ഹനഫീ ന്യായം. ഈ തർക്കത്തിന്റെ മർമം ഇതാണ്: 1) ഹനഫീ മദ്ഹബ് പ്രകാരം ഹദ്ദ് നടക്കും മുമ്പ് ആരോപിതൻ മരണപ്പെട്ടാൽ അതോടെ ശിക്ഷ കാൻസലാകുന്നു. ശാഫിഈ മദ്ഹബ് പ്രകാരം ആരോപിതന്റെ മരണം ഹദ്ദിനെ കാൻസലാക്കുകയില്ല. അയാളുടെ അനന്തരാവകാശികൾക്ക് ആരോപകനിൽ ഹദ്ദ് നടത്താൻ ഇമാമിനോട് ആവശ്യപ്പെടാവുന്നതാണ്. 2) ഒരാൾ ഒറ്റവാക്കിലോ പല വാക്കുകളിലോ ആയി ഒരു കൂട്ടം ആളുകളിൽ വ്യഭിചാരം ആരോപിച്ചാൽ ഹനഫീ മദ്ഹബ് പ്രകാരം എല്ലാറ്റിനും ഒരൊറ്റ ഹദ്ദ് മതിയാകും. ശാഫിഈകളുടെ വീക്ഷണത്തിൽ ഓരോ ആരോപണത്തിനും വെവ്വേറെ ശിക്ഷിക്കേണ്ടതാണ്. എങ്കിലേ ഓരോ ആരോപിതന്റെയും താൽപര്യം സംരക്ഷിക്കപ്പെടൂ. 3) ശാഫിഈ മദ്ഹബ് പ്രകാരം ആരോപിതന്റെ താൽപര്യത്തിന് മുൻഗണനയുള്ളതിനാൽ അയാൾ മാപ്പു കൊടുത്താൽ ഹദ്ദ് ഒഴിവാകും. ഹനഫീ മദ്ഹബ് പ്രകാരം ഹദ്ദ് നടത്താൻ ആവശ്യപ്പെട്ട ശേഷം ആരോപിതൻ മാപ്പു കൊടുത്താലും ശിക്ഷ ഒഴിവാക്കാനാവില്ല.

വ്യാജമായ വ്യഭിചാരാരോപണത്തിനു മൂന്നു ശിക്ഷയാണുള്ളത്. അതിൽ പ്രഥമവും പ്രധാനവുമാണ് 80 പ്രഹരം. ആ ശിക്ഷ ഒഴിവാക്കിയാലും ഇല്ലെങ്കിലും അയാൾ സാക്ഷി നിൽക്കാൻ അയോഗ്യനാവുകയെന്ന ഭൗതിക ശിക്ഷയും പാപി- فاسق -ആയിത്തീരുക എന്ന ഭൗതികവും പാരത്രികവുമായ ശിക്ഷയും നിലനിൽക്കുന്നതാണ്. ഈ രണ്ടു ശിക്ഷകളിൽനിന്ന് മോചനം നേടാനുള്ള മാർഗം ചെയ്ത കുറ്റത്തിൽ ആത്മാർഥമായി പശ്ചാത്തപിക്കുകയും സൽക്കർമങ്ങളാൽ ജീവിതം സംസ്കരിക്കുകയുമാണ്. ആത്മാർഥമായി പശ്ചാത്തപിക്കുകയും ജീവിതം സംസ്കരിക്കുകയും ചെയ്യുന്നവരോട് ഏറെ പൊറുക്കുന്നവനും ദയാമയനുമാകുന്നു അല്ലാഹു. എന്നാൽ പശ്ചാത്താപത്തിന്റെ പേരിൽ നിർണിത ശിക്ഷ(ഹദ്ദ്)യിൽനിന്ന് ഒഴിവാകാനാവില്ല. അത് ഈ ലോകത്തെ മനുഷ്യരുടെ അവകാശവുമായിക്കൂടി ബന്ധപ്പെട്ടതാണ്. തൗബ കൊണ്ട് അല്ലാഹുവിനെ പ്രീതിപ്പെടുത്താനാവും. പക്ഷേ അയാളുടെ പ്രവൃത്തി മറ്റു മനുഷ്യരുടെ അവകാശങ്ങൾക്കും താൽപര്യങ്ങൾക്കും വരുത്തിയ നാശം പരിഹരിക്കാനാവില്ലല്ലോ. അവർക്കുള്ള സാന്ത്വനവും മറ്റുള്ളവർക്കുള്ള പാഠവുമാണ് പ്രതികൾക്ക് നൽകപ്പെടുന്ന ശിക്ഷ. ■